ട്രാൻസ്പോർട്ട് ബസ്സ്റ്റാൻറുകളിലെ അസൗകര്യങ്ങൾ ഒഴിവാക്കാൻ നടപടി

* 56. [83] ശ്രീ. പി. വി. ശങ്കരനാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് കോർപ്പറേഷൻവക ബസ് സ്റ്റാൻറുകളിൽ യാത്രക്കാർക്ക് മലമൂത്ര വിസർജ്ജനം നടത്താനുള്ള സൗകര്യങ്ങൾ തുലോം വിരളമാണെന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇന്ന് കേരളത്തിലെ യാത്രക്കാർ അനുഭവിച്ചുവരുന്ന ഈ ബുദ്ധിമുട്ട് ഒഴിവാക്കാൻ വേണ്ടപ്രകാരമുള്ള നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ&ബി) യാത്രക്കാരുടെ സൗകര്യത്തെ പരിഗണിച്ച് മിക്കവാറും എല്ലാ ബസ് സ്റ്റേഷനുകളോടും അനുബന്ധിച്ച് മൂത്രപ്പുരകളും മറ്റും പണിയുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ഇപ്പോൾ കായംകുളത്ത് പണം നടന്നുകൊണ്ടിരിക്കുകയാണ്. മറ്റു സ്ഥലങ്ങളിലും പണി ആരംഭിക്കുന്നതിനുള്ള നടപടി എടുത്തുവരികയാണ്.

സൂചനാപണിമുടക്കിൽ പങ്കെടുത്തതിനാൽ തൊഴിൽ രഹിതരായവർ

* 57. [84] ശ്രീ. എ. പി. കുര്യൻ :

ശ്രീ. പി. ജി. പുരുഷോത്തമൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) അടിസ്ഥാന ശമ്പളവർദ്ധനവ്, ബോണസ് എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കഴിഞ്ഞ ആഗസ്റ്റ് 31-ന് സംസ്ഥാന വ്യാപകമായി സി. ഐ. ടി. യു. വിൻെറ ആഹ്വാനമനുസരിച്ച് നടന്ന ഒരു ദിവസത്തെ തോട്ടം തൊഴിലാളികളുടെ സൂചനാപണിമുടക്കിൽ പങ്കെടുത്തു എന്ന ഏക കാരണത്തിന് പ്ലാൻേറഷൻ കോർപ്പറേഷൻെറ ഉടമസ്ഥതയിലുള്ള കാലടി, കൊടുമൺ എന്നീ തോട്ടങ്ങളിലെ നൂറു കണക്കിന് തൊഴിലാളികൾ ഡി. ഐ. ആർ കേസിൽപ്പെട്ട് ജയിലുകളിലും സസ്പെൻഷനും വിധേയരായും ജോലിയില്ലാതെ കഴിയുന്ന സ്ഥിതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബോണസിനുവേണ്ടി പണിമുടക്കിയതിൻെറ പേരിൽ എത്ര ജീവനക്കാരെ പ്ലാൻേറഷൻ കോർപ്പറേഷൻ പുറത്തു നിറുത്തിയിട്ടുണ്ട്; എന്നുമുതൽ; അവർ എത്ര ദിവസം പണിമുടക്കി;

(സി) ഈ നടപടികൾ ഏറ്റവും വേഗം പിൻവലിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ ?

കൃഷിയും തൊഴിലും മന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) നിയമവിരുദ്ധമായ നടപടികൾ സ്വീകരിച്ചതിൽ ചില തൊഴിലാളികളുടെ മേൽ നടപടികൾ സ്വീകരിച്ചതായറിയാം.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പരിശോധിക്കാതെ പറയുവാൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly